www.malankaralibrary.com

# സഭാതാരം
## വോയ്സ്

SYRO-MALANKARA CATHOLIC CHURCH
EPARCHY OF PATHANAMTHITTA

വാല്യം : 9
ലക്കം : 5
2021 ആഗസ്റ്റ്



# പരിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ ആശംസകൾ...

www.malankaralibrary.com



www.malankaralibrary.com



# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

2021 ആഗസ്റ്റ്
വാല്യം : 9, ലക്കം : 5

Published By :

Chancellor :
Rev.Dr.Joshy Vazhappillethu

**Eparchy of Pathanamthitta**

Email :

santhomptabulletin@gmail.com

ഉള്ളടക്കം

1. സർക്കുലർ...................... 03
2. സർക്കുലർ...................... 07
3. സർക്കുലർ...................... 12
4. സർക്കുലർ...................... 18
5. രൂപതാവാർത്തകൾ........... 24
6. സോഷ്യൽ സർവ്വീസ്........... 30
7. എം. സി. വൈ. എം............. 34
8. എം. സി. എ..................... 37
9. വിശ്വാസധാര.................... 39
10. കറസ്പോണ്ടന്റ് ഓഫീസ്.... 40

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# സണ്ടേസ്കൂൾ ദിനം – 2021

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

2021 ആഗസ്റ്റ് മാസം 1–ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭ സണ്ടേസ്കൂൾ ദിനമായി ആചരിക്കുകയാണല്ലോ. നമ്മുടെ സമൂഹത്തെ ആഴത്തിൽ മുറിപ്പെടുത്തിയ ഒരു മഹാമാരിയുടെ കെടുതികളിലൂടെ നാം കടന്നുപോയിക്കൊണ്ടിരിക്കുന്നു. ആരോഗ്യപരവും, സാമ്പത്തികവും, മാനസികവുമായ അനവധി പ്രശ്നങ്ങൾ ഈ മഹാമാരി നമ്മുടെ സമൂഹത്തിൽ അവശേഷിപ്പിച്ചിട്ടുണ്ട്. പലരും ഇപ്പോഴും അപകടാവസ്ഥയിലാണ്. പ്രത്യാഘാതങ്ങൾ അനവധി ഇനിയും ഉണ്ടാകുവാനുള്ള സാധ്യത നിലനിൽക്കുന്നു. ''മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല; അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു" (സങ്കീ. 23:4) എന്ന് സങ്കീർത്തകനോടൊപ്പം പാടുന്നതിന് നമ്മെ സഹായിക്കുന്ന വിശ്വാസം നമ്മുടെ ഹൃദയങ്ങളിൽ തന്ന നല്ലവനായ കർത്താവിനെ നമുക്ക് മഹത്വപ്പെടുത്താം. അവിടുത്തെ സ്നേഹത്തിലും കരുണയിലും ആശ്രയം അർപ്പിച്ച് ഈ കാലത്തിന്റെ വെല്ലുവിളികളെ പ്രത്യാശയോടെ നേരിടുന്നതിന് നമുക്ക് സജ്ജരാകാം.

നീണ്ടുപോകുന്ന ഈ വേദനയുടെകാലം നമ്മെ ആശങ്കപ്പെടുത്തുന്നു എന്നത് സത്യമാണ്. എല്ലാ ആശങ്കകളിലും യേശുവിന്റെ സുവി

www.malankaralibrary.com



ശേഷം നമുക്ക് ആശ്വാസം പകരുന്നുണ്ട്. നല്ല സമറിയാക്കാരന്റെ ഉപമയിൽ സവിശേഷമായി സഹനത്തിന്റെ കാലങ്ങളിൽ എന്തു ചെയ്യണം എന്ന് കർത്താവ് നമ്മെ ഓർമിപ്പിക്കുന്നു. സമറിയാക്കാരൻ മറ്റൊരാളെ വേദന സഹിക്കുന്നവനായി കണ്ടെത്തുന്നു. അയാൾ ചോദ്യങ്ങൾ ചോദിച്ച് സമയം പാഴാക്കുന്നില്ല. തനിക്കുണ്ടാവുന്ന നഷ്ടങ്ങളെക്കുറിച്ച് ആകുലപ്പെടുന്നുമില്ല. തനിക്ക് സാധിക്കുന്നതിന്റെ പരമാവധി ആ സഹോദരനെ ശുശ്രൂഷിച്ച് ജീവനിലേക്ക് ചേർത്തുപിടിക്കുവാനാണ് അയാൾ ശ്രമിക്കുന്നത് (ലൂക്കാ 10:25-37). തന്നോട് ചോദ്യം ചോദിക്കുന്ന നിയമജ്ഞനോട് അതുപോലെ ചെയ്യാൻ കർത്താവ് ആവശ്യപ്പെടുന്നു. സഹനം ശുശ്രൂഷയ്ക്കുള്ള ക്ഷണമാണ്. കൂടുതൽ കഷ്ടപ്പെടുന്നവരെ നമ്മുടെ കഴിവിനൊത്തവിധം ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും നമുക്ക് ഉത്സാഹമുള്ളവരായിത്തീരാം.

കോവിഡ് കാലം ഏറ്റവും പ്രതിസന്ധിയിലാക്കിയത് വിശ്വാസകൂട്ടായ്മകളെയും വിദ്യാഭ്യാസമേഖലയെയും ആണ്. വിശ്വാസപരിശീലനം ഒരേസമയം കൂട്ടായ്മയിലുള്ള അനുഭവവും വിദ്യാഭ്യാസവുമാണ്. തീർച്ചയായും വലിയ പ്രതിന്ധികൾ ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. എങ്കിലും കഴിഞ്ഞ അധ്യയനവർഷം നമ്മുടെ വിവിധ ഭദ്രാസനങ്ങളിൽ ഈ പ്രതിസന്ധികളെ തരണംചെയ്യാൻ സ്വീകരിച്ച വഴികൾ നമ്മെ പ്രത്യാശാഭരിതരാക്കുന്നു. വളരെ ക്രിയാത്മകമായി പുതിയ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടും, വെല്ലുവിളികളെ നേരിട്ടും, വിശ്വാസ പരിശീലന പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് സാധിച്ചു. നമ്മുടെ പാഠാവലിയിലെ എല്ലാ പാഠങ്ങളും വീഡിയോ ക്ലാസുകളായി തയ്യാറാക്കാൻ പല ഭദ്രാസനങ്ങളിലെയും വിശ്വാസ പരിശീലന വിഭാഗങ്ങൾ തയ്യാറായി. മറ്റുള്ളവർ അവരോട് സഹകരിച്ചും സ്വതന്ത്രമായും പ്രായോഗികമായ വഴികൾ സ്വീകരിച്ചു. അത്ര പരിചിതമല്ലാത്ത കാര്യങ്ങൾ പഠിച്ചെടുത്തും ശീലിച്ചും നമ്മുടെ അധ്യാപകർ ഓൺലൈൻ ക്ലാസുകൾ ക്രമീകരിച്ചു. മാതാപിതാക്കളും കുട്ടികളും ഈ ക്രമീകരണങ്ങളോട് സന്തോഷത്തോടെ സഹകരിച്ചു. എല്ലാവരും ഒരുമിച്ച് കാഴ്ചവച്ച ഈ സമർപ്പണം അനുഗ്രഹപ്രദവും അഭിനന്ദനാർഹവുമാണ്.

www.malankaralibrary.com



കുറവുകളും പരിമിതികളും തീർച്ചയായും ഉണ്ടായിട്ടുണ്ട്. അവയെ തിരിച്ചറിഞ്ഞ് പരിഹരിച്ച് കൂടുതൽ മെച്ചമായി ഈ പരമപ്രധാനമായ ശുശ്രൂഷയിൽ പങ്കുചേരാനുള്ള അവസരം കൂടിയാണ് ഈ അധ്യയന വർഷം.

കോവിഡിന്റെ ഈ കാലം നമുക്ക് നല്ല ചില തിരിച്ചറിവുകൾ തന്നിട്ടുണ്ട്. സമ്പത്തുൾപ്പെടെ ഭൗതികമായ അനവധി ജീവിതസാഹചര്യങ്ങളെകുറിച്ച് നിരന്തരമായി വ്യഗ്രതപ്പെട്ടുള്ള ഓട്ടത്തിലായിരുന്നു നമ്മുടെ തലമുറ. എന്നാൽ ആരോഗ്യമുള്ള ജീവിതമാണ് ഭൗതിക സാഹചര്യങ്ങളിൽ പരമപ്രധാനം എന്ന് ഈ മഹാമാരി നമ്മെ ഓർമിപ്പിച്ചു. പ്രകൃതിയെ സംരക്ഷിക്കുന്നതിനും, കൂടുതൽ ആരോഗ്യകരമായ ജീവിതശൈലികൾ സ്വീകരിക്കുന്നതിനും ഇത് കൂടുതൽ പേരെ പ്രേരിപ്പിക്കുന്നുണ്ട്. കുടുംബബന്ധങ്ങളുടെ വില തിരിച്ചറിയുന്നതിനും ഈ കാലം നമ്മെ കൂടുതൽ സഹായിച്ചു. മുൻകാലങ്ങളേക്കാൾ അധികമായി കുടുംബത്തോടൊപ്പം സമയം ചിലവഴിക്കുന്നതിനും, ഒരുമിച്ച് അധ്വാനിക്കുന്നതിനും പരസ്പരം അറിയുന്നതിനും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇടയായി. ഇതിൽ നിന്നെല്ലാം നന്മകൾ സ്വാംശീകരിക്കുന്നതിനും കൂടുതൽ നന്മ നിറഞ്ഞ ഭാവി രൂപപ്പെടുത്തുന്നതിനും നമുക്ക് ഇടയാകട്ടെ.

കുടുംബങ്ങളിൽ ഒരുമിച്ച് പങ്കിടുന്ന സമയം ദൈവാനുഭവംകൊണ്ടുകൂടി നിറവുള്ളതാകട്ടെ. കൂടുതൽ പ്രാർത്ഥിക്കുന്നതിനും ദൈവവചനം വായിക്കുന്നതിനും സമയം കണ്ടെത്തണം. നമ്മുടെയും നമുക്ക് പ്രിയപ്പെട്ടവരുടെയും സുരക്ഷിതത്വത്തിനുവേണ്ടി മാത്രമല്ല. സഹനത്തിൽകൂടി കടന്നുപോകുന്ന അയൽക്കാരേയും പരിചിതരേയും നമ്മുടെ പ്രാർത്ഥനകളിൽ കൊണ്ടുവരണം. വരുമാനവും ജീവിതമാർഗങ്ങളും നഷ്ടപ്പെട്ടവരെ സഹായിക്കാൻ ഉതകുന്ന നന്മപ്രവർത്തികളിൽ കുട്ടികളെക്കൂടി പങ്കെടുപ്പിക്കുവാൻ മുതിർന്നവർ ശ്രദ്ധിക്കണം. പ്രവർത്തനനിരതമായ സ്നേഹത്തിലൂടെയാണ് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രധാന പാഠങ്ങൾ മനസിലുറയ്ക്കുന്നത്.

കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസുകളെ നാം

www.malankaralibrary.com



കൂടുതൽ ആശ്രയിക്കേണ്ട സാഹചര്യം നിലവിലുണ്ട്. വൈദികരും സന്യസ്തരും ഉൾപ്പെടെ നമ്മുടെ സഭയിലെ പ്രഗത്ഭരായ അധ്യാപകർ നൽകിയ ക്ലാസുകൾ ഇതിന് സഹായമാകുംവിധം വീഡിയോ രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ മൂന്ന് ഭദ്രാസനങ്ങളിലെ വിശ്വാസ പരിശീലന വിഭാഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള ക്ലാസുകൾ നമുക്ക് ഓൺലൈനിൽ ലഭ്യമാണ്. പ്രായോഗിക സൗകര്യം മുൻനിർത്തി ഈ പാഠാവലികൾ മൂന്നും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (http://www.catholicate.net) ലിങ്കുകളായി ലഭ്യമാക്കിയിട്ടുണ്ട്. കൊച്ചു കുട്ടികൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ഒന്നുമുതൽ അഞ്ചു വരെ ക്ലാസുകളിലേക്കുള്ള പാഠങ്ങൾ ഗുഡ്ന്യൂസ് ടീവിയിലും ലഭ്യമാക്കിയിട്ടുണ്ട്. ഭദ്രാസനങ്ങളിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ച് ഈ ക്ലാസുകൾ പരമാവധി ഉപയോഗപ്പെടുത്താൻ കുടുംബങ്ങളിൽ മാതാപിതാക്കൾ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. കോവിഡ് ഉയർത്തുന്ന വെല്ലുവിളികൾ മാറുന്നതനുസരിച്ച് കഴിയുന്നത്ര വേഗം വിശ്വാസകൂട്ടായ്മയിലുള്ള സാധാരണ ക്ലാസുകളിലേക്ക് നമുക്ക് മടങ്ങിപ്പോകാം.

ക്ലേശകരമായ ഈ കാലത്ത് നമ്മുടെ സന്യസ്തരും വൈദികരും ചെയ്യുന്ന ത്യാഗപൂർവമായ ശുശ്രൂഷയെ നാം നന്ദിയോടെ ഓർക്കുന്നു. പ്രാദേശികമായ സവിശേഷ സാഹചര്യങ്ങൾ മനസിലാക്കി അജപാലനപരമായ ഔചിത്യത്തോടെ അവർ നൽകുന്ന പ്രായോഗിക നിർദ്ദേശങ്ങൾ കൊണ്ടാണ് എപ്പോഴും നമ്മുടെ വിശ്വാസപരിശീലന ശുശ്രൂഷകൾ മുന്നോട്ട് പോയിട്ടുള്ളത്. കഴിഞ്ഞവർഷം അവരുടെ സവിശേഷമായ ജാഗ്രത നമ്മുടെ കുഞ്ഞുങ്ങളെ വളരെയേറെ സഹായിച്ചിട്ടുണ്ട്. ആ ജാഗ്രത നമുക്ക് തുടർന്നും ആവശ്യമുണ്ട്.

ആരോഗ്യകാര്യങ്ങളിൽ അവശ്യംവേണ്ട ശ്രദ്ധയിൽ വിട്ടുവീഴ്ച ചെയ്യാതെതന്നെ കുഞ്ഞുങ്ങളുടെ മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന കർമപദ്ധതികൾ ഓരോ ഇടത്തേയും സാഹചര്യം മനസിലാക്കി രൂപപ്പെടുത്തുവാൻ മാതാപിതാക്കളും അജപാലക ശുശ്രൂഷയിൽ ഉള്ളവരും യോജിച്ച് ശ്രമിക്കേണ്ടതാണ്. സാമൂഹ്യമായ അകലം

www.malankaralibrary.com



സൗഹൃദങ്ങളുടെ വരൾച്ച ആകാതിരിക്കാനും സഞ്ചാരനിയന്ത്രണം തടവറ അനുഭവം ആകാതിരിക്കാനും കുട്ടികളെ സഹായിക്കേണ്ട തുണ്ട്. വിശ്വാസകൂട്ടായ്മയിലുള്ള അവരുടെ സുഹൃദ്ബന്ധങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കണം. കുട്ടികൾ ഒരുമിച്ച് പ്രാർത്ഥിക്കു ന്നതിനും നന്മപ്രവർത്തികളിൽ പങ്കുചേരുന്നതിനുമുള്ള അവസരങ്ങൾ ഉചിതമായും സുരക്ഷിതമായും കണ്ടെത്തണം.

ഈ വർഷം നമ്മുടെ സഭ ഹൈരാർക്കിയായി രൂപപ്പെട്ടതിന്റെ നവതി നാം ആചരിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ തെരഞ്ഞെടു ക്കുമ്പോൾ സഭയായി ജീവിക്കുകയെന്നാൽ എന്താണെന്ന് മനസിലാ ക്കാൻ കുട്ടികളെ സഹായിക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

വ്യക്തിപരമായും ഒരുമിച്ചുചേർന്നുമുള്ള പ്രാർത്ഥനകളിൽ ദീർഘ കാലമായി രോഗാതുരനായിരിക്കുന്ന നമ്മുടെ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനേയും അദ്ദേഹത്തിന്റെ ശുശ്രൂഷയിലുള്ള ഗുഡ്ഗാവ്-ഡൽഹി ഭദ്രാസനത്തെയും സവിശേഷമായി ഓർമിക്കു മല്ലോ.

നിങ്ങൾ എല്ലാവരുടേയും സന്തോഷത്തിനും നന്മയ്ക്കുമായി പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനദിനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

+ Eusebius

**തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ.

23.07.2021
കാതോലിക്കേറ്റ് സെന്റർ പട്ടം,
തിരുവനന്തപുരം

www.malankaralibrary.com



All Kerala Press Release

Ref: 810/KCBC/K-6/KPR/DS 09.08.2021

## കെ.സി.ബി.സി പ്രസ്താവന

കേരള കത്തോലിക്കാ മെത്രാന്മാരുടെ വാർഷിക ധ്യാനവും കെ.സി.ബി.സി സമ്മേളനവും ആഗസ്റ്റ് 2 മുതൽ 6 വരെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. വിവിധ ആനുകാലിക വിഷയങ്ങളെക്കുറിച്ചും കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ പ്രത്യേകമായി ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ സമ്മേളനത്തിൽ നടന്നു.

**1. മനുഷ്യ ജീവന്റെ മഹത്വം**

കുടുംബങ്ങളുടെ ഭദ്രതയെയും കുഞ്ഞുങ്ങളുടെ ജനനനിരക്കിനെയും കുറിച്ചുള്ള ചർച്ചകൾ സമീപകാലത്ത് കേരളസമൂഹത്തിൽ സജീവമായിരുന്നല്ലോ. ഗർഭധാരണ നിമിഷം മുതൽ മനുഷ്യജീവൻ ആദരിക്കപ്പെടണം എന്നതാണ് കത്തോലിക്കാസഭയുടെ ധാർമ്മിക നിലപാട്. വികസനനയങ്ങളിലെ വൈകല്യങ്ങൾ മൂലമുണ്ടാകുന്ന സാമൂഹിക പ്രതിസന്ധികൾക്ക് ജനസംഖ്യ കുറയ്ക്കുക മാത്രമാണ് പരിഹാരം എന്ന നിലപാട് യുക്തിസഹമല്ല. കുഞ്ഞുങ്ങളുടെ ജനന നിരക്ക് കുത്തനെ കുറച്ച വികസിത രാജ്യങ്ങളും ചൈനയും അതിന്റെ തിക്തഫലങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ മാറി ചിന്തിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. മനുഷ്യ വിഭവശേഷിയുടെ ശരിയായ സാമൂഹിക അനുപാതം വികസനത്തിന് അനിവാര്യമാണെന്ന സത്യം പരിഷ്കൃത സമൂഹം അംഗീകരിച്ചിട്ടുള്ളതാണ്. സ്വാഭാവിക ജനനനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചു വ്യക്തമായ ബോധവൽക്കരണം നൽകിക്കൊണ്ടു സർക്കാരിന്റെ ജനസംഖ്യാ നിയന്ത്രണസംരഭങ്ങളോടു ക്രിയാത്മ

www.malankaralibrary.com



കമായി സഹകരിച്ച ചരിത്രമാണ് ക്രൈസ്തവ സഭകൾക്കുള്ളത്. എന്നാൽ, നിലനില്പുതന്നെ അപകടത്തിലാകത്തക്കവിധം ക്രൈസ്തവരുടെ ഇടയിലെ ജനനനിരക്കു കുറയുന്നത് ആശങ്കാജനകമാണ്. 1950-കളിൽ കേരളത്തിലെ ജനസംഖ്യയിൽ 24.6 ശതമാനമുണ്ടായിരുന്ന ക്രൈസ്തവർ ഇന്ന് കേവലം 17.2 ശതമാനമായി കുറഞ്ഞിരിക്കുന്നു. കുഞ്ഞുങ്ങളുടെ ജനനനിരക്ക് ഏറ്റവും കുറഞ്ഞ സമുദായമായി ക്രൈസ്തവർ (1.8%) കേരളത്തിൽ മാറിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്ന പദ്ധതികളുമായി വിവിധ രൂപതകൾ മുന്നോട്ടു വന്നത്. ഈ വിഷയത്തിൽ തികച്ചും തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കാൻ ശ്രമിച്ചവർ തെറ്റുമനസ്സിലാക്കി സ്വയം തിരുത്തുന്നതായി കാണുന്നത് ആശാവഹമാണ്.

**2. തീരദേശത്തിന്റെ ആശങ്കകൾ**

കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ജീവിച്ചുകൊണ്ടു മത്സ്യബന്ധനത്തിലും അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന തീരദേശസമൂഹത്തിന്റെ സങ്കടങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കണം. അവർ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കി നല്കാൻ സർക്കാർ തയ്യാറാകണം. തീരശോഷണംമൂലം കിടപ്പാടവും ജീവനോപാധികളുമാണ് ഇവർക്ക് നഷ്ടമായിരിക്കുന്നത്. തീരശോഷണം ഇല്ലാതാക്കാനാവശ്യമായ ആധുനിക സാങ്കേതിക സംവിധാനങ്ങൾ വിദഗ്ദ്ധപഠനത്തിന്റെ വെളിച്ചത്തിൽ ക്രമീകരിക്കാൻ സർക്കാർ മുന്നോട്ടുവരണം. കടൽക്ഷോഭം അതിരൂക്ഷമായ ചെല്ലാനംപോലുള്ള സ്ഥലങ്ങളിൽ പുലിമുട്ടുകൾ അടിയന്തരമായി നിർമ്മിച്ച് തീരവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഒരുക്കണം.

www.malankaralibrary.com



കൊച്ചിൻ തുറമുഖത്ത് ആഴം കൂട്ടുമ്പോൾ (Drudging) ലഭിക്കുന്ന മണ്ണ് തീരശോഷണം അനുഭവിക്കുന്ന പ്രദേശങ്ങളിൽ നിക്ഷേപിച്ചുകൊണ്ട് തീരങ്ങളുടെ നിലനില്പ് ഉറപ്പുവരുത്താവുന്നതാണ്. രാജ്യത്തിന് ഏറെ വിദേശനാണ്യം നേടിത്തരുന്ന തീരവാസികളുടെ ന്യായമായ ആവശ്യങ്ങളെ കൂടുതൽ അനുഭാവപൂർവ്വം പരിഗണിക്കാൻ സർക്കാർ തയ്യാറാകണം.

**3. സാമൂഹ്യനീതിയുടെ സംരക്ഷണം**

ഈശോ സഭാംഗമായ ഫാ. സ്റ്റാൻ ലൂർദ് സ്വാമിയുടെ അറസ്റ്റും അദ്ദേഹത്തിന് ജയിലിൽ വച്ച് അനുഭവിക്കേണ്ടിവന്ന അവഗണനയും തുടർന്ന് ജാമ്യം ലഭിക്കാതെ അദ്ദേഹം ആശുപത്രിയിൽ മരിക്കാൻ ഇടയായ സാഹചര്യവും അത്യന്തം ദുഖകരമാണ്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന സകല പൗരന്മാരെയും ആശങ്കപ്പെടുത്തുന്ന നടപടിയായിട്ടാണ് ഈ സംഭവം വിലയിരുത്തപ്പെടുന്നത്. ദളിതരെയും ആദിവാസികളെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനായി ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ഫാ. സ്റ്റാൻ സ്വാമി. സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം എടുത്ത ധീരമായ നിലപാടുകളും ചൂഷണത്തിനെതിരെ അദ്ദേഹം നടത്തിയ സമരങ്ങളും ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. തന്റെ ജീവിതസാക്ഷ്യവും മരണവുംവഴി ഇന്ത്യയിലെ ആദിവാസികൾ അഭിമുഖീകരിക്കുന്ന ചൂഷണങ്ങളെ സമൂഹമധ്യത്തിൽ ചർച്ചാവിഷയമാക്കുവാൻ ഫാ. സ്റ്റാൻ സ്വാമിക്ക് കഴിഞ്ഞു. അദ്ദേഹത്തിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളുടെ നിജസ്ഥിതി പൊതുസമൂഹത്തിനു മുമ്പിൽ വെളിപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്തമുണ്ട്. ഇതിനാവശ്യമായ നിയമനടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും

www.malankaralibrary.com



ഉണ്ടാകേണ്ടതാണ്.

**4. ആരാധനാ സ്വാതന്ത്ര്യം**

ഭാരതത്തിന്റെ ഭരണഘടന ഉറപ്പുതരുന്ന ആരാധനാ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന രീതിയിൽ ആരാധനാലയങ്ങൾ തകർക്കപ്പെടുന്നത് മതേതരരാജ്യമായ ഇന്ത്യയുടെ യശസ്സിനു കളങ്കം വരുത്തുന്നതാണ്. ഡൽഹിയിൽ കത്തോലിക്കാപള്ളി പൊളിച്ചുമാറ്റിയ നടപടി അത്യന്തം ദുഃഖകരവും പ്രതിഷേധാർഹവുമാണ്. മതവികാരങ്ങളെ മുറിപ്പെടുത്തുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജനാധിപത്യ മതേതര സർക്കാരുകൾ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉചിതവും നീതിയുക്തവുമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**5. ആവിഷ്ക്കാര സ്വതന്ത്ര്യവും മതവിശ്വാസവും**

കലാ മാധ്യമ രംഗങ്ങളിൽ ക്രൈസ്തവ വിരുദ്ധ വികാരം സമീപകാലത്ത് വർദ്ധിച്ചുവരുന്നതായി യോഗം വിലയിരുത്തി. കലാരംഗത്തെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം അംഗീകരിക്കുമ്പോൾത്തന്നെ അത് മതവികാരങ്ങളെ മുറിപ്പെടുത്തുന്ന വിധത്തിൽ ഉപയോഗിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെയും കൂദാശകളെയും പൗരോഹിത്യത്തെയും ക്രൈസ്തവ പ്രതീകങ്ങളെയും അവഹേളിക്കുന്ന പ്രവണത കലാരംഗത്ത് വിശേഷിച്ചും ചലച്ചിത്ര മേഖലയിൽ വർദ്ധിച്ചുവരുന്നുണ്ട്. ഒരു സമൂഹത്തിന്റെ മതവിശ്വാസങ്ങളെയും വിശുദ്ധ ബിംബങ്ങളെയും ബോധപൂർവ്വം അവമതിക്കുന്നതും അവഹേളനാപരമായി ചിത്രീകരിക്കുന്നതും സംസ്കാരസമ്പന്നമായ സമൂഹത്തിന് ഭൂഷണമല്ല. ഉത്തരവാദപ്പെട്ടവർ ഇക്കാര്യത്തിൽ ക്രൈസ്തവ സമൂഹത്തിനുള്ള ആശങ്കകൾ തിരിച്ചറിഞ്ഞ് വേണ്ട തിരുത്തലുകൾ വരുത്തു

www.malankaralibrary.com



മെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരം സംഭവങ്ങളോടുള്ള പ്രതികരണങ്ങൾ പ്രതിപക്ഷ ബഹുമാനത്തോടെയും ക്രിസ്തീയ ചൈതന്യത്തിനു ചേർന്ന മാന്യതയോടെയുമായിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

**6. കോവിഡ് പ്രതിസന്ധി**

കോവിഡ് ക്രമാതീതമായി വർദ്ധിച്ചുവരുന്നതിലും മൂന്നാം തരംഗം ആസന്നമാണെന്ന മുന്നറിയിപ്പിലും ജനങ്ങൾ വേണ്ടത്ര ഗൗരവത്തോടെ ജാഗ്രത പാലിക്കണം. ഇക്കാര്യത്തിൽ സർക്കാരും ആരോഗ്യ വിദഗ്ദ്ധരും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ നമ്മുടെ സ്ഥാപനങ്ങൾ മാതൃകയാകണം. ശാസ്ത്രീയമായ പഠനങ്ങളുടെ വെളിച്ചത്തിൽ ലോക്ഡൗണിന്റെ നിബന്ധനകൾ ക്രമീകരിക്കാൻ സർക്കാർ സന്നദ്ധമാകണം. ജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്ന നടപടികൾ അവരുടെ ഉപജീവനമാർഗങ്ങളെ തടസ്സപ്പെടുത്തുന്നതാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. സ്ഥലസൗകര്യങ്ങൾക്കനുസരിച്ച് ദൈവാലയങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൂടുതൽപേർക്ക് ആരാധന നടത്താൻ സാധിക്കുന്നവിധം അനുവാദം നല്കാനും സർക്കാർ താൽപര്യമെടുക്കണം.

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

കെസിബിസി പ്രസിഡന്റ്

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**

കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**

കെസിബിസി സെക്രട്ടറി ജനറൽ

www.malankaralibrary.com



Ref: 3540/K-5/KCBC/OL/DS 26.07.2021

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട - നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷിക വൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവന മാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരള സംസ്കാരം. എന്നാൽ കർഷക ജനതയുടെ നിലനില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണി യിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം ലൗദാത്തോസി' യുടെ അഞ്ചാം വർഷത്തിൽ കേരള സഭയും കാർഷിക ആഭിമുഖ്യ ത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതി കളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യ

www.malankaralibrary.com



ങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധി യിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനു ശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറി വിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

**(1) ആരാണ് കർഷകൻ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

www.malankaralibrary.com



**(2) ഏതെല്ലാം കൃഷികൾ?**

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാരമത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

**(3) ആർക്കെല്ലാം അംഗത്വം?**

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും. അർധ വാർഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**(4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

* ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

www.malankaralibrary.com



* മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡൻറിറ്റി കാർഡ് / എസ്.എസ്.എൽ.സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തി കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനുകൂല്യം ലഭിക്കും.

www.malankaralibrary.com



(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാല കളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതിമാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്ന വർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനി ക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര - ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിടകർഷകരെ ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യ ത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീക

www.malankaralibrary.com



രിച്ച്

പ്രവർത്തിക്കുക. എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക. പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശു ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**

ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല**

ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി - 682 025

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
## EPARCHY OF PATHANAMTHITTA

**Most Rev.Samuel Mar Irenios**
Bishop Of Pathanamthitta

**Catholic Bishop's House**
Pathanamthitta- 689 645
Ph : 04682-223100, 2223200

Prot No. CL-PTA 4/2021

## സർക്കുലർ

# കുടുംബവർഷം

**കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും** (സങ്കീ.127:3)

ദൈവികദാനമായിട്ടാണ് ജീവനെ വി. ബൈബിൾ അവതരിപ്പിക്കുന്നത്. എന്നാൽ ഇന്ന് ഈ ജീവൻ സ്വീകരിക്കാൻ മനുഷ്യൻ വല്ലാതെ വൈമനസ്യം കാണിക്കുന്നുവെന്നതിന്റെ തെളിവാണ് ഭയാനകമാം വിധം കുറഞ്ഞു വരുന്ന ജനസംഖ്യാനിരക്ക്. അതോടൊപ്പം മക്കൾ ആവശ്യമില്ലെന്ന് കരുതുന്ന ദമ്പതികളുടെ എണ്ണവും വർദ്ധിച്ചു വരുന്നു. മാതൃത്വവും പിതൃത്വവും ലോകത്തിലെ ഏറ്റവും വലിയ പദവികളാണ്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കു ചേരാനുള്ള കുലീനമായ വിളിയാണത്. പക്ഷേ ഗർഭപാത്രം പോലും കുരുതിക്കളമാക്കി നിസഹായനായ ഗർഭസ്ഥ ശിശുവിന്റെ ഘാതകരായി മാതാപിതാക്കൾ അധപതിക്കുമ്പോൾ, നിഷ്കളങ്ക രക്തം ചിന്തി ഭൂമിയിൽ സ്വർഗ്ഗം പണിയാനുള്ള വിഫല ശ്രമത്തിൽ ഏർപ്പെടുമ്പോൾ, ദൈവം ലോകത്തിലേക്ക് പിറക്കാൻ അനുവദിക്കുന്ന ജീവനെ കശാപ്പു ചെയ്യുമ്പോൾ, അനീതിയുടെയും ദൈവനിഷേധത്തിന്റെയും ആൾരൂപങ്ങളായി നാം മാറുന്നു.

www.malankaralibrary.com



അതുവഴി മനുഷ്യസമ്പത്തെന്ന അമൂല്യ നിധി ലോകത്തിന് അന്യമാകുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. പല വിദേശ രാജ്യങ്ങളും ഇന്ന് ഈ പ്രതിസന്ധിയെ മറികടക്കാൻ പലവിധ പരിശ്രമങ്ങളാണ് നടത്തുന്നത്. ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമായ ചൈന പോലും തെറ്റായ ജനനനിയന്ത്രണ നയത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

എന്നാൽ ഇതിനേക്കാൾ ആശങ്കാജനകമാണ് പത്തനംതിട്ട ജില്ലയുടെ അവസ്ഥ. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ജില്ലയിൽ നെഗറ്റീവ് വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജീവിതത്തിന്റെ വാർദ്ധക്യ സന്ധ്യകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധരും, കുഞ്ഞുങ്ങളുടെ കൊഞ്ചലും അവരുടെ പുഞ്ചിരിയും അന്യമായി പോയ മുറ്റങ്ങളും, തൊട്ടിലിന്റെ സൗഭാഗ്യം നഷ്ടമായ മുറികളും പത്തനംതിട്ടയുടെ ദൈന്യത വിളിച്ചോതുന്നു. സംസ്ഥാനത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 859 പേർ താമസിക്കുമ്പോൾ പത്തനംതിട്ടയിൽ 453 പേർ മാത്രം. 2001നെ അപേക്ഷിച്ച് 2011 ൽ 3.12 ശതമാനം കുറവാണ് ജില്ലയിലെ ജനസംഖ്യയിൽ വന്നിരിക്കുന്നത്. ജനസംഖ്യയുടെ 25 ശതമാനത്തിലധികം മുതിർന്ന പൗരന്മാരാണ്. ജനസംഖ്യാശോഷണം മാരക വിപത്തായി ലോകത്തിൽ പടരുന്നുണ്ട് എന്ന സത്യം തിരിച്ചറിയാൻ നാം ഇനിയും അമാന്തിക്കരുത്. മനുഷ്യവംശത്തിന്റെ നിലനില്പിനായി ഉണർന്ന് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരുക്കുന്നു.

ഈ നൂറ്റാണ്ടിന്റെ അവസാനം ലോകജനസംഖ്യയിൽ 200 കോടി ആളുകളുടെ കുറവുണ്ടാകുമെന്നാണ് വിലയിരുത്തൽ. 2100 ഓടെ 23 രാജ്യങ്ങളിൽ ജനനനിരക്ക് പകുതിയായി കുറയമെന്നാണ് ബി.ബി.സി

www.malankaralibrary.com



കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തത്. ഈ സാഹചര്യത്തിൽ ജീവന്റെ പ്രോത്സാഹനം അനിവാര്യമാണ്.

കുഞ്ഞുങ്ങളുണ്ടാകുന്നത് കരിയറിനും സ്വപ്നങ്ങൾക്കും വളർച്ചയ്ക്കും വിലങ്ങുതടിയാകുമെന്നുള്ള വികലമായ ചിന്തയാണ് ജനനനിയന്ത്രണത്തിലേക്ക് നമ്മുടെ സമൂഹത്തെ നയിച്ചത്. പ്രഖ്യാത ചിന്തകനായ തോമസ് റോബർട്ട് മാൽത്തൂസ് വിഭാവനം ചെയ്ത മാൽത്തൂസിയൻ തിയറി ഓഫ് പോപ്പുലേഷൻ ജനസംഖ്യാ വളർച്ചയും ഭക്ഷ്യോത്പാദനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ ജനസംഖ്യ ഇപ്രകാരം വളർന്നാൽ ഭക്ഷ്യക്ഷാമം ലോകത്തിലുണ്ടാകും. 1798 ൽ അദ്ദേഹം പ്രസിദ്ധീകരിച്ച An Essay on Principle of Population കുടുംബാസൂത്രണത്തിന്റെ അനിവാര്യത വ്യക്തമാക്കി. 1970-80 കാലഘട്ടത്തിൽ വലിയ ഭക്ഷ്യക്ഷാമവും പട്ടിണി മരണങ്ങളും ലോകത്തിലുണ്ടാകുമെന്നദ്ദേഹം പ്രവചിച്ചു. 1968 ൽ സ്ററാൻഫോർഡ് സർവ്വകലാശാലയിലെ പ്രൊഫസർമാരായിരുന്ന പോൾ റാൽഫ് എൽറിക്കും അദ്ദേഹത്തിന്റെ ഭാര്യ ആനും ചേർന്ന് പോപ്പുലേഷൻ ബോംബ് എന്ന ഗ്രന്ഥം രചിച്ച് ജനനനിയന്ത്രണത്തിന്റെയും കുടുംബാസൂത്രണത്തിന്റെയും ആവശ്യകത അരക്കിട്ടുറപ്പിച്ചു. എന്നാൽ ജനസംഖ്യ വർദ്ധിച്ചപ്പോൾ അതിനാനുപാതികമായി ഭക്ഷ്യോത്പാദനവും വർദ്ധിക്കുന്ന അത്ഭുതകരമായ ദൈവപരിപാലനയ്ക്ക് ചരിത്രം സാക്ഷിയായി. ഈ ചിന്തകരുടെ ആശയങ്ങൾ തെറ്റായിരുന്നുവെന്ന് ലോകം ക്രമേണ തിരിച്ചറിഞ്ഞു. എല്ലാ കാര്യത്തിലും പാശ്ചാത്യരെ അനുകരിക്കാനുള്ള അപക്വമായ അനുകരണഭ്രമം സ്വന്തമായുള്ള നമ്മൾ ഈ ചിന്തകരുടെ ആശയങ്ങൾക്ക്

www.malankaralibrary.com



ദൈവവചനത്തെക്കാൾ വില നല്കി. ദൈവമായ കർത്താവാണ് യഥാർത്ഥത്തിൽ കുടുംബങ്ങളെ ആസൂത്രണം ചെയ്തത് എന്ന ജ്ഞാനത്തിലേക്ക് മിഴികളും ഹൃദയവും ഉയർത്താതെ നമ്മൾ ലോകത്തിന്റെ ചിന്താധാരകൾക്ക് വശംവദരായി. ഇത്തരത്തിലുള്ള അപൂർണ്ണവും നിക്ഷിപ്ത താത്പര്യങ്ങളടങ്ങിയിരിക്കുന്നതുമായ ആശയങ്ങളെ ആവേശത്തോടെ സ്വീകരിച്ചു. കുടുംബാസൂത്രണത്തിന് വെമ്പൽകൊണ്ട നമ്മൾ *നാം ഒന്ന് നമുക്ക് ഒന്ന്*, *നാം രണ്ട് നമുക്ക് രണ്ട്* എന്നിങ്ങനെയുള്ള ആപ്തവാക്യങ്ങൾ സൃഷ്ടിച്ച് ജീവന്റെ വാതായനങ്ങളെ കൊട്ടിയടച്ചു. സർക്കാരുകൾ നിർബന്ധിത വന്ധ്യംകരണത്തിന് നേതൃത്വം നല്കി. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർന്ന നിലയിലുള്ള പത്തനംതിട്ട ജില്ലക്കാരായ നാം മരണസംസ്കാരത്തിന്റെ ദൂതന്മാരായി മാറി. ഫലമോ, മാനവവിഭവശേഷി അപകടകരമാംവിധം കുറഞ്ഞു, കൃഷി ചെയ്യാൻ ആളില്ലാതായതോടെ നാട് കാടായി മാറുകയും അവിടങ്ങൾ വന്യജീവികളുടെയും ശല്യമൃഗങ്ങളുടെയും സ്വൈരവിഹാരരംഗങ്ങളാകുകയും ചെയ്തു. നിലനില്പിന്റെ ഭീഷണി നേരിടുന്ന ജില്ലയായി പത്തനംതിട്ട മാറി. ജില്ലയിലെ 20 ശതമാനത്തോളം വീടുകൾ ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്. 2 നിയോജക മണ്ഡലങ്ങൾ നമുക്ക് നഷ്ടമായി. നെഗറ്റീവ് വളർച്ചാ നിരക്ക് നമുക്ക് നല്കിയ ആഘാതങ്ങളാണിവയെല്ലാം. ഈ അപകടത്തെ ഒന്ന് ചേർന്ന് നാം നേരിടണം. അത് മാനവരാശിയുടെ നിലനിൽപിനും നമ്മുടെ ജില്ലയുടെ നല്ല ഭാവിക്കും അനിവാര്യമാണ്. കൂടുതൽ കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ജാതി-മത ഭേദമെന്യേ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com



എ. ഡി. 2000ന് ശേഷം വിവാഹിതരായ പത്തനംതിട്ട രൂപതാംഗങ്ങളായ ദമ്പതികൾ വലിയ കുടുംബങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് വേണ്ട എല്ലാ പ്രോത്സാഹനവും പിന്തുണയും രൂപത നല്കുന്നതാണ്. താഴെ പറയുന്ന പദ്ധതികൾ അവർക്കായി രൂപത വിഭാവനം ചെയ്യുന്നു.

* നാലോ അതിൽ കൂടുതലോ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 2000 രൂപ അരമനയിൽ നിന്ന് കുടുംബപ്രേഷിത കാര്യാലയം വഴി നല്കുന്നതാണ്.
* നാലാമത്തെ കുഞ്ഞിന്റെ ജനനം മുതൽ പ്രസവ ചെലവിലേക്ക് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ അത് രൂപത നല്കുന്നതാണ്.
* ഇത്തരം കുടുംബങ്ങളിൽ നിന്നുള്ള വ്യക്തികൾക്ക് സഭാസ്ഥാപനങ്ങളിൽ ജോലിക്ക് മുൻഗണന നല്കും.
* ഈ കുടുംബങ്ങളിൽ നിന്നുള്ള കുഞ്ഞുങ്ങൾക്ക് രൂപതയുടെ സ്കൂളുകളിൽ അഡ്മിഷന് മുൻഗണന നല്കും
* താമസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്ത കുടുംബങ്ങൾക്ക് സാന്തോം ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണന നല്കുന്നതാണ്.
* ഈ കുടുംബങ്ങളുടെ ആത്മീയ കാര്യങ്ങൾ നിറവേറ്റുന്നതിനും അവരെ സഹായിക്കുന്നതിനും ഒരു വൈദികനെ അവരുടെ ആദ്ധ്യാത്മിക നിയന്താതാവായി നിയമിക്കുന്നതാണ്. ഒരു സിസ്റ്ററിനെ ഇവരുടെ ആനിമേറ്ററായി നല്കുന്നതുമാണ്.
* വർഷത്തിൽ ഒരിക്കൽ ഈ കുടുംബങ്ങളെ ഒന്നിച്ച് കൂട്ടി രൂപതാ

www.malankaralibrary.com



ധ്യക്ഷൻ അവരോടൊപ്പം സമയം ചെലവഴിക്കുന്നതാണ്.

* ജോലിക്ക് പോകുന്ന ദമ്പതികളെ സഹായിക്കാൻ അവരുടെ കുട്ടികൾക്കായി ഡേ കെയർ, ഫോസ്റ്റർ കെയർ സംവിധാനങ്ങൾ ആവശ്യാനുസരണം ആരംഭിക്കും.
* ജീവന്റെ മൂല്യത്തെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നല്കുന്നതിനും കൂടുതൽ കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ദമ്പതികളെ ഒരുക്കുന്നതിനും വേണ്ടി പ്രോ ലൈഫ് മിനിസ്ട്രി കുടുംബപ്രേഷിത കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നതാണ്.

ദൈവം ദാനമായി നല്കുന്ന ജീവനെ ആദരിക്കാനും സ്വീകരിക്കാനും നാം സന്നദ്ധരാകണം. ദൈവപരിപാലനയിൽ വിശ്വസിക്കാനും അവിടുത്തെ ശക്തിയിൽ ആശ്രയിക്കാനുമുള്ള എളിമ നാം സ്വായത്തമാക്കണം. ലോകത്തിലെ ചിന്തകരുടെ അല്പജ്ഞാനമല്ല ദൈവത്തിന്റെ അനന്ത ബുദ്ധിയാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത്. ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ വയലിലെ പുല്ലിനെപ്പോലും അലങ്കരിക്കുന്ന ദൈവം നമ്മെ എത്രയധികമായി പരിപാലിക്കും! ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം,

**ഡോ. സാമുവേൽ മാർ ഐറേനിയോസ്**

പത്തനംതിട്ട രൂപതാധ്യക്ഷൻ

31/07/2021

പത്തനംതിട്ട

www.malankaralibrary.com



# രൂപതാ വാർത്തകൾ

## മൈനോറിറ്റി സർവ്വേ: പത്തനംതിട്ട രൂപത

മതന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കാൻ കേരള സംസ്ഥാന ആഭ്യന്തരവകുപ്പ് നിയമിച്ച ജെ.ബി.കോശി കമ്മീഷൻ മുൻപാകെ പത്തനംതിട്ട രൂപത റിപ്പോർട്ട് സമർപ്പിച്ചു. 2021 ജൂലൈ മാസം ആദ്യം മുതൽ പത്തനംതിട്ട രൂപതയിലെ നൂറു ഇടവകയിലും, വൈദികജില്ല അടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഒരു സർവ്വേ നടത്തുകയുണ്ടായി. സർവേയിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആണ് റിപ്പോർട്ട് തയ്യാറാക്കിയത്. രൂപതാതല സർവ്വേ കോർകമ്മിറ്റിക്ക് ബഹു.ഫാ.ഡോ. ആന്റോ കണ്ണംകുളം, ഫാ. ഡാനിയേൽ ബഥേൽ, ശ്രീ.സി.ഓ.വർഗീസ്, ശ്രീ. സാമുവേൽ മണ്ണിൽ എന്നിവർ നേതൃത്വം നൽകി.

## സാന്തോം ഭവനപദ്ധതി

പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന സാന്തോം ഭവന നിർമ്മാണപദ്ധതിയിലൂടെ വീടുകൾ പൂർത്തികരിക്കപ്പെട്ട ഭവനാംഗങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. Mr. Biju
2. Mrs. Sali John
3. Mrs. Thankamma Achankunju
4. Mr. Vincent
5. Mr. Johnson Mathew

www.malankaralibrary.com



6. Mr. Thomaskutty K.C.
7. Mr. Thankachan
8. Mrs. Alis Mathew
9. Mr. Babu
10. Mrs.Joy Varghese
11. Mrs.Suja Thomas
12. Mr.Georgekutty
13. Mrs.Annamma K.A.
14. Mr.Mohan
15. Mrs.Sheela Stephen

**Partial Help**

1. Mr. Reji
2. Mr. Abraham Thomas
3. Mr. Thankachan C.S.
4. Mr. Kuttappan
5. Mr. David
6. Mr. Thomas T.G.
7. Mrs. Molly Thomas
8. Bro. Mathew
9. Mr. Biju
10. Mr. Jacob Mathew
11. Mrs. Sujakumari

www.malankaralibrary.com



## മാർ ക്രിസോസ്റ്റം വിദ്യാഭ്യാസ സഹായപദ്ധതി

പത്തനംതിട്ട രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ നാമത്തിൽ നടത്തി വരുന്ന വിദ്യാഭ്യാസ സഹായപദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തിലേയും 2021 -22 വർഷത്തിലേയും സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

### 2020-2021

1. Miss.Jibin Mary John, Kurichimuttom
2. Miss.Soumya Koshy, Konni
3. Miss.Subi Sonu, Cheekkanal
4. Mr.Rijin K.George, Thannithodu
5. Miss.Soji Mathew, Mannarakulanji
6. Miss.Sini Babu, Puthukulam
7. Miss. Princy Karumpekkal

### 2021-2022

8. Miss.Arlin Mariyam Abraham, Karakkadu
9. Mr.Bijo J.Thomas, Kurichimuttom
10. Miss.Riya Mariyam Binu, Kumbazha
11. Miss.Christina Clements, Kumplampoika
12. Miss.Sosamma Thomas, Vayyattupuzha
13. Miss.Sophy Paulose, Oottupara
14. Miss.Jibi Joseph, Koodal
15. Miss.Rini Thomas Reji, Carmala
16. Miss.Joicy Jose, Cathedral
17. Miss.Rincy Rajan, Chekkanal
18. Miss. Tissa Mary Mathew, Angadickal

www.malankaralibrary.com



## വിവാഹ ധനസഹായം

പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതാംഗമായ ശ്രീ. വർഗീസ് കുര്യന്റെ മകന്റെ വിവാഹത്തോടനുബന്ധിച്ച് ആ കുടുംബത്തിന്റെ സഹായത്തോടെ രൂപതയിലെ 40 നവദമ്പതികൾക്ക് വിവാഹ ധനസഹായം അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ വിതരണം ചെയ്തു. പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Aneeta Wilson & Sujin Thomas
2. Anitha Unnikrishnan & Joseph Praveen
3. Shibi Shaji & Anosh Thomas
4. Simi Wilson & Bijoy
5. Jaya Thomas & Manu Mathew
6. Anju M.Varghese & Prison Varghese
7. Sony V.S. & Joju K.G.
8. Reena Babukutty & Jijo Thomas
9. Sophy Thomas & Sebin Jose
10. Shiji Cherian & Aji.P.Jose
11. Amitha Benoy & Shyju Thankachan
12. Sony Mathew & Simson Anish
13. Preethy Abraham & Tijo Thomas
14. Jincy Abraham & Joby James
15. Sherin Abraham & Jesty Abraham
16. Rincy P.John & Prince Varghese
17. Teena Thomas & Lijo Mathew

www.malankaralibrary.com



18. Teena Johnson & Donichan George
19. Annet Mary Sleeba & Michael Johnson
20. Gisha Thomas & Tinsu Thomas
21. Praveena Chacko & Shevin Varghese
22. Lini.K & Bijo Babu
23. Jitha John & Siby Varghese
24. Lincy Varghese & Bebeto Varghese
25. Simi Solomon & Riju Mon
26. Chinju Varghese & Sijo Raj
27. Faith A.Oommen & Thomas Koshy
28. Subi Thomas & Jepsen
29. Anu.N.Sam & Anu.T.A.
30. Leenia Jiji & Shijo Varghese
31. Lincy M.S. & Saran Kumar
32. Jibi Mariyam & Prince T.Varghese
33. Shiny B.Mathew & Anish N.T.
34. Steny Sunny & Joshua Philip
35. Anju Joseph & Jomon T.George
36. Biny George & Manoj Christapher
37. Aleena Jomon & Jomon M.
38. Sheenamol K.M. & Bijoy Mathew
39. Subi Babu & Vivek Mathew
40. Reny Thomas & Anoop P.Chacko

www.malankaralibrary.com



## ഗുഡ്ഗാവ് രൂപതയ്ക്കുവേണ്ടി
## സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | Athirunkal Parish | 40000.00 |
| 2. | Dr.John Thampy, Madappallil Kumbazha | 5000.00 |
| 3. | Kadammanitta Parish | 25000.00 |
| 4. | Koodal Parish | 5000.00 |
| 5. | Mezhuveli West Parish | 18500.00 |
| 6. | Mr.Jacob Puthuparampil, Kumbazha | 5000.00 |
| 7. | Mr.Jose Nedumpurathu, Kumbazha | 5000.00 |
| 8. | Mr.Kunjumon, Malememuriyil, Kumbazha | 1000.00 |
| 9. | Mr.Roy Manakkattu, Kumbazha | 2000.00 |
| 10. | Mr.Santhosh Muthirakalayil, Kumbazha | 15000.00 |
| 11. | Mrs. Ponnamma Pangattu, Kumbazha | 1000.00 |
| 12. | Mrs.Sosamma Jose, Jolly Villa, Kumbazha | 10000.00 |
| 13. | Mr.Thomas George, Kandathil Kumbazha | 5000.00 |
| 14. | Mr.Peter Thomas Thekkecharuvil | 3000.00 |
| 15. | Murinjakal Parish | 15000.00 |
| 16. | Mylapra Parish | 60000.00 |
| 17. | Paranthal Parish | 10000.00 |
| 18. | Pulinthitta Parish | 3000.00 |
| 19. | Puthukulam Parish | 2500.00 |
| 20. | Saji Melethil, Kumbazha | 5000.00 |
| 21. | Very Rev Dr.Joshy Vazhappillethu | 10000.00 |

തുടരും.....

www.malankaralibrary.com



# അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ലോക പരിസ്ഥിതി ദിനാചരണം

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ പരിസ്ഥിതിദിനാചരണം വികാരി ജനറാൾ വൃക്ഷത്തൈ നട്ട് വികാരി ജനറാൾ മോൺസിഞ്ഞോർ ഡോ. ഷാജി മാണികുളം ചിക്കനാൽ ആശ്വാസ ഭവനിൽ ഉദ്ഘാടനം ചെയ്തു. സ്കൂളിലെ കുട്ടികൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്തു. ഡയറക്ടർ റവ.ഫാ.വർഗീസ് ചാമക്കാലായിൽ, റവ. സി.പവിത്ര എസ്.ഐ.സി, റവ.സി.അനുഗ്രഹ എസ്.ഐ.സി, ശ്രീ.ജുബിൻ.പി.ലാൽ തുടങ്ങിയവർ പങ്കെടുത്തു.

## വെബ്ബിനാർ : കർഷക ക്ഷേമനിധി ബോർഡും സാധ്യതകളും

കേരള സർക്കാർ രൂപീകരിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ സാധ്യതകളും പദ്ധതികളെയുംപ്പറ്റി അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജൂൺ മാസം 15-ാം തീയതി ഒരു വെബ്ബിനാർ ക്രമീകരിച്ചു. ശ്രീ.പി.എം.ജോസ് തയ്യിൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു; 95 അംഗങ്ങൾ പങ്കെടുത്തു.

## കെയർ ഹോം ഡയറക്ടേഴ്സ് മീറ്റ്

കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കെയർ ഹോം കമ്മീഷന്റെ നേതൃത്വത്തിൽ രൂപതയിലെ സോഷ്യൽ ഡയറക്ടേഴ്സിന്റെയും, കെയർ ഹോം നടത്തിപ്പുകാരുടെയും മീറ്റിംഗ് സംയുക്തമായി നടത്തപ്പെട്ടു. നിലവിലെ കെയർ ഹോമുകളുടെ നടത്തിപ്പുകൾ സംബന്ധിച്ച പ്രശ്നങ്ങളും വെല്ലുവിളികളും മീറ്റിംഗിൽ ചർച്ച ചെയ്തു. കെയർ ഹോം കമ്മീഷൻ ചെയർമാൻ

www.malankaralibrary.com



മാർ ജോസ് പുളിക്കൽ പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട രൂപതയെ പ്രതിനിധീകരിച്ച് ഫാ.വർഗീസ് ചാമക്കാലായിൽ പങ്കെടുത്തു.

## SUDHIR Project Collaboration with KSSF

(Support Delivery Of Health Service and Inforamtion on COVID for Resilient Communities)

കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു പദ്ധതിയാണിത്. അനുഗ്രഹയുടെ തെരഞ്ഞെടുക്കപ്പെട്ട 30 സന്നദ്ധ സേവകരിലൂടെ സമൂഹത്തിന് കോവിഡ് സംബന്ധമായ അറിവുകളും കോവിഡ് അനുയോജ്യ പെരുമാറ്റ രീതികളും സമൂഹ മാധ്യമങ്ങളിലൂടെ എത്തിക്കുന്ന പദ്ധതിയാണിത്.

## ക്യാൻസർ രോഗികൾക്ക് ഒരു കൈത്താങ്ങ്

അനുഗ്രഹയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി ക്യാൻസറിനെ അതിജീവിച്ച നിർദ്ധരായ 5 സ്ത്രീകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തു.

## അനുഗ്രഹ – കാരിത്താസ് ഇൻഡ്യ ആശാകിരണം റിസോഴ്സ് ടീം ട്രെയിനിംഗ്

കാരിത്താസ് ഇൻഡ്യയുടെ നേതൃത്വത്തിൽ നടത്തുന്ന ആശാകിരണം ക്യാൻസർ കെയർ ക്യാമ്പയിന്റെ ഭാഗമായി അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ 20 റിസോഴ്സ് അംഗങ്ങൾക്ക് പരിശീലനം നൽകി. രൂപതാ വികാരി ജനറാൾ ഡോ.ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഇൻഡ്യ ആശാകിരണം പ്രോഗ്രാം ഇൻചാർജ്ജ് ശ്രീമതി സിബി പൗലോസ് ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, ആശാകിരണം ലെയ്സൺ ഓഫീസർ സി.പവിത്ര എസ്.ഐ.സി തുടങ്ങിയവർ പങ്കെടുത്തു.

www.malankaralibrary.com



## കേരള സോഷ്യൽ സർവ്വീസ് ഫോറം ജനറൽ ബോഡി

29.07.2021 ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ കൺവെൻഷൻ സെന്ററിൽ നടന്ന ജനറൽ ബോഡി മീറ്റിംഗിൽ അനുഗ്രഹയെ പ്രതിനിധികരിച്ച് ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ സംബന്ധിച്ചു. കേരളത്തിലെ 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ പൊതുവേദിയാണ് കേരള സോഷ്യൽ സർവ്വീസ് ഫോറം

## അനുഗ്രഹ വിദ്യാജ്യോതി സ്കോളർഷിപ്പ് വിതരണം

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന അനുഗ്രഹ വിദ്യാജ്യോതി സ്കോളർഷിപ്പ് വിതരണം 06.08.2021 ൽ ഉപാസന പാസ്റ്ററൽ സെന്ററിൽവച്ച് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. പ്രത്യേകം തിരഞ്ഞെടുത്ത കുട്ടികൾക്ക് 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ്സ് വരെ പ്രതിവർഷം 9000 രൂപ നൽകുന്ന പദ്ധതിയാണിത്. ഓരോ വർഷവും ലഭിക്കുന്ന തുകയുടെ പകുതി കുട്ടിയുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കും. ഈ തുക 12-ാം ക്ലാസ് പൂർത്തിയാക്കുമ്പോൾ പലിശ സഹിതം കുട്ടിയ്ക്ക് തുടർ പഠനത്തിനു നൽകും. ക്രിസ്തുമസിന് 1500/-രൂപ കുട്ടിയ്ക്കു നൽകും. ഈ പദ്ധതിയുടെ വിജയത്തിനായി ഏവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## അനുഗ്രഹ വിദ്യാജ്യോതി സ്കോളർഷിപ്പിന് സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1. | Msgr.Dr.Shaji Manikulam | - 9000.00 |
| 2. | Rt.Rev.Jose Chamakalayil Corepisopo | - 9000.00 |
| 3. | Rev.Fr.Thomas Alunilkunnathil | - 10000.00 |
| 4. | Rev.Fr.Santhosh Koickal | - 9000.00 |
| 5. | Rev.Fr.Boby Erattapulickal | - 9000.00 |
| 6. | Rev.Fr.Daniel Kozhuvakkattu | - 9000.00 |

തുടരും....

www.malankaralibrary.com



## ഭക്ഷ്യധാന്യ കിറ്റ് വിതരണം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡുക്കാലത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കുടുംബങ്ങൾക്ക് കൈത്താങ്ങായി അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി L'oeuvre d'orient - France ന്റെ സാമ്പത്തിക സഹായത്തോടു കൂടി ഭക്ഷ്യധാന്യ കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. ക്യാൻസർ രോഗികൾ, ഡയാലിസിസ് നടത്തുന്ന വ്യക്തികൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ തുടങ്ങിയ മേഖലകളിലുള്ളവർക്കാണ് പരിഗണന. മോൺ.ഡോ.ഷാജി മാണികുളം, ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, സി.പവിത്ര എസ്.ഐ.സി എന്നിവർ പങ്കെടുത്തു.

## ഓക്സിജൻ കോൺസന്റേറ്റർ ഉദ്ഘാടനം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അനുഗ്രഹ സോഷ്യൽ സർവ്വീസ് കാരിത്താസ് ജർമ്മനിയുടെ സഹായത്താൽ ലഭിച്ച ഓക്സിജൻ കോൺസന്റേറ്ററിന്റെ ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. കോവിഡ് ബാധിച്ച് ഭവനങ്ങളിൽ കഴിയുന്നവർക്ക് ഓക്സിജൻ നൽകാൻ കഴിയുന്ന സംവിധാനമാണിത്. വികാരി ജനറാൾ മോൺ. ഷാജി മാണികുളം, ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, സി. പവിത്ര എസ്.ഐ.സി തുടങ്ങിയവർ പങ്കെടുത്തു.

## സൗജന്യ മെഡിക്കൽ കിറ്റ് വിതരണം

കോവിഡിന്റെ മൂന്നാം തരംഗ പശ്ചാത്തലത്തിൽ അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇൻഡ്യ, കെ.സി. ബി.സി, മെൽബൺ സീറോ മലബാർ രൂപതാ എന്നിവയുടെ സാമ്പത്തിക സഹായത്തോടു കൂടി 100 പേർക്ക് സൗജന്യമായി മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ

www.malankaralibrary.com



മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. പൾസ് ഓക്സിമീറ്റർ, ഇൻഹെയിലർ, മാസ്ക്, സാനിറ്റൈസർ, ഹാൻഡ്‌വാഷ് എന്നിവ അടങ്ങുന്നതാണ് മെഡിക്കൽ കിറ്റ്. ഉപാസന പാസ്റ്ററൽ സെന്ററിൽ നടന്ന പരിപാടിയിൽ മോൺ ഷാജി മാണികുളം, ഡയറക്ടർ ഫാ. വർഗീസ് ചാമക്കാലായിൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ സി.പവിത്ര എസ്.ഐ.സി, ജുബിൻ ലാൽ എന്നിവർ പങ്കെടുന്നു.

## എം. സി. വൈ. എം.

### യുവജനധ്യാനം

"പ്രാർത്ഥനയിൽ അധിഷ്ഠിതമായ യുവജന സഭ" എന്ന ലക്ഷ്യവുമായി യുവജനധ്യാനം നടത്തപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 300 റോളം പേർ ഈ ശുശ്രൂഷയുടെ ഭാഗമായി.
യുവജന ധ്യാനത്തിന് ശേഷം ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുകയും ശേഷം നമ്മിൽ നിന്ന് വേർപ്പെട്ടു പോയ ഫാ.സ്റ്റാൻ സ്വാമിയുടെ ഓർമ്മകൾക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു. യുവജനങ്ങൾ ഓൺലൈൻ വഴിയായി ഭക്തിപൂർവ്വം പ്രാർത്ഥനയിൽ പങ്കെടുത്തു. യുവജന ധ്യാനത്തിന് പത്തനംതിട്ട ഭദ്രാസനത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ സന്ദേശം നൽകി. റവ. ഫാ. ജിനു പള്ളിപ്പാട്ട് ധ്യാനത്തിനു നേതൃത്വം നല്കി. ദിവ്യകാരുണ്യ ആരാധനയ്ക്കും, ധൂപപ്രാർത്ഥനയ്ക്കും ഫാ. ജിനു കൂടത്തിനാൽ നേതൃത്വം നൽകി.

### പെൻസിൽ ഡ്രോയിംഗ് മത്സരം

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു കെ.സി. വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പെൻസിൽ ഡ്രോയിംഗ് മത്സരത്തിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധികരിച്ച്

www.malankaralibrary.com



തോട്ടുപുറം യൂണിറ്റ് അംഗം മിലൻ മോൻസി പങ്കെടുക്കുകയും, മൂന്നാം സ്ഥാനം നേടുകയും ചെയ്തു. പത്തനംതിട്ട രൂപതാ സമിതി യുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## എഡ്-യൂത്ത് വിദ്യാഭ്യാസ സ്കോളർഷിപ്പ്

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ കർമ്മ പരിപാടിയായ എഡ്- യൂത്ത് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണ ത്തിന്റെ ഭാഗമായി, സ്കോളർഷിപ്പ് തുകയുടെ വിതരണോത്ഘാടനം നിർവഹിക്കുന്നതിനു ഭദ്രാസന വൈസ് പ്രസിഡന്റ് അലീന എലിസ ബത്ത് മാത്യു പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിനു കൈമാറുകയും, അഭിവന്ദ്യ പിതാവ് അർഹരായ വിദ്യാർത്ഥികൾക്ക് തുക നൽകുകയും ചെയ്തു. നിലവിൽ പത്ത് വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് സ്കോളർഷിപ്പ് നല്കപ്പെട്ടു.



എഡ്- യൂത്ത് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണോത്ഘാടനം അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിക്കുന്നു.

www.malankaralibrary.com



## ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്

കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ ഏറ്റവും വലിയ ഛായാചിത്രം കാപ്പിപ്പൊടിയിൽ തീർത്ത് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടിയ പത്തനംതിട്ട വൈദിക ജില്ലയിലെ തോട്ടുപുറം എം.സി.വൈ.എം യൂണിറ്റ് അംഗം മിലൻ മോൻസിക്ക് പത്തനംതിട്ട രൂപതാ സമിതിയുടെ ആദരവ് നൽകുകയും ചെയ്തു.

## ഇവാനിയൻ ടോക്ക്

ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മ തിരുന്നാളിനോടനുബന്ധിച്ച് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2021 ജൂൺ 30 ന് വൈകുന്നേരം 7.00 മണിക്ക് അനുസ്മരണം നടത്തപ്പെട്ടു. Google meet വഴി നടത്തപ്പെട്ട യോഗത്തിൽ പല സമയങ്ങളിലായി 180 ൽ പരം യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി. രൂപതാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രപ്പോലീത്താ, അനുഗ്രഹ സന്ദേശം നൽകുകയും, നാലാഞ്ചിറ ബഥനി Nature Cure Centre ഡയറക്ടർ റവ.ഡോ.പ്രമോദ് ഒ.ഐ.സി, മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. പദയാത്ര അനുഭവങ്ങൾ പങ്ക് വച്ച എം.സി.വൈ.എം സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ്, കെ.സി.വൈ.എം സംസ്ഥാന വൈസ് പ്രസിഡന്റ് റോഷ്ന മറിയം ഈപ്പൻ, കോന്നി വൈദിക ജില്ല മുൻ പ്രസിഡന്റ് സജി വർഗ്ഗീസ് എന്നിവർ മീറ്റിംഗിലെ വിശിഷ്ട സാന്നിധ്യമായിരുന്നു.

• • • • • • • • • • • • • • • • • • • • • • • • •

www.malankaralibrary.com



# മലങ്കര കാത്തലിക് അസോസിയേഷൻ

## പ്രതിഷേധിച്ചു

ആദിവാസി സമൂഹത്തിന്റെ ഉന്നതിയ്ക്കായി അഹോരാത്രം പ്രയത്നിച്ച ഫാ.സ്റ്റാൻ സ്വാമിയുടെ കസ്റ്റഡി മരണത്തിൽ മലങ്കര കാത്തലിക് അസോസിയേഷൻ പത്തനംതിട്ട രൂപതാ സമിതി പ്രതിഷേധിച്ചു.

സാധാരണ മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ട് മരണത്തിനു കീഴടങ്ങിയ ധീരരക്തസാക്ഷിയാണ് ഫാ.സ്റ്റാൻസ്വാമിയെന്ന് യോഗം ഉദ്ഘാടനം ചെയ്ത രൂപത ആത്മീയ ഉപദേഷ്ടാവ് ഫാ. ജോർജ്ജ് മാത്യു തെക്കേപുതുവേലിൽ പ്രസംഗത്തിൽ അനുശോചിച്ചു. രൂപതാ പ്രസിഡന്റ് തോമസ് ഏബ്രഹാം, കെ.സി.എഫ്.പ്രസിഡന്റ് പി.കെ.ജോസഫ്, സെക്രട്ടറി മനോജ് തടത്തിൽ, ചെറിയാൻ ചെന്നീർക്കര, സജി പീടികയിൽ, ഷീജ ഏബ്രഹാം, മേരിക്കുട്ടി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും പ്രതിഷേധ ജ്വാല സംഘടിപ്പിക്കുകയും ചെയ്തു.



www.malankaralibrary.com



## ഇന്ധന വില വർദ്ധനവിനെതിരേ പ്രതിഷേധം




എം.സി.എ യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രതിഷേധം

## അനുശോചനം

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തിൽ മലങ്കര കാത്തലിക് അസ്സോസിയേഷൻ പത്തനംതിട്ട ഭദ്രാസനം അനുശോചനം അറിയിച്ചു. രൂപത പ്രസിഡന്റ് തോമസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ആരോടും വലിപ്പ ചെറുപ്പമില്ലാതെ പെരുമാറിയിരുന്ന വലിയ ഇടയനെയാണ് സമൂഹത്തിന് നഷ്ടപ്പെട്ടത്. സാധാരണക്കാരുടെ അത്താണിയായിരുന്നു പരിശുദ്ധ ബാവാ തിരുമേനി. എല്ലാ സഭാവിശ്വാസികളുടേയും ഹൃദയത്തിൽ സ്ഥാനം പിടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞെന്നും യോഗം വിലയിരുത്തി. മനോജ് തടത്തിൽ, ഏബ്രഹാം സെബാസ്റ്റ്യൻ, പി.കെ.ജോസഫ്, ജോസ് മാത്യു, മാത്യു.കെ.തോമസ് എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com



# വിശ്വാസധാര

## യാത്രാമംഗളങ്ങൾ

പത്തനംതിട്ട രൂപത ആരംഭം കൊണ്ടനാൾ മുതൽ വിശ്വാസപരിശീലന കാര്യാലയത്തിന്റെ വളർച്ചയ്ക്ക് അഹോരാത്രം പ്രവർത്തനങ്ങൾ കാഴ്ചവെച്ച ബഹു.സിസ്റ്റർ പാസ്ക്കൽ എസ്.ഐ.സിയ്ക്ക് 2021 ജൂൺ 17 ന് ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന മീറ്റിംഗിൽ യാത്രയയപ്പ് നല്കി. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുൻ ഡയറക്ടറച്ചന്മാരും, ജില്ലാ ഡയറക്ടറച്ചന്മാരും പങ്കെടുത്തു.



## ആശംസകൾ

പത്തനംതിട്ട രൂപത വിശ്വാസപരിശീലന കാര്യാലയത്തിന്റെ ആനിമേറ്ററായി ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റർ ലെസ്‌ലിൻ എസ്.ഐ.സി യ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

www.malankaralibrary.com



## വാർഷിക പരീക്ഷ

2019-2020, 2020-2021 വർഷത്തെ 10, 12, ഡിഗ്രി ഒന്നും രണ്ടും വർഷത്തെ വാർഷിക പരീക്ഷ 2021 ജൂലൈ 21 ന് നടത്തപ്പെട്ടു.

## വിശ്വാസപരിശീലന ദിനം

ഈ വർഷത്തെ വിശ്വാസപരിശീലനദിനം 2021 ആഗസ്റ്റ് 1-ാം തീയതി നടത്തപ്പെട്ടു.

# കറസ്പോണ്ടന്റ് ഓഫീസ്

## റിസൽട്ട്

**സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, മൈലപ്ര**

| | | |
|---|---|---|
| ആകെ പരീക്ഷ എഴുതിയവർ | - | 236 |
| ഉപരിപഠനത്തിന് അർഹരായവർ | - | 236 |
| Full A+ | - | 85 |
| 9 A+ | - | 23 |
| 8 A+ | - | 29 |

വിജയ ശതമാനം - 100.00%

**സേക്രഡ് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ, മൈലപ്ര**

| | | |
|---|---|---|
| ആകെ പരീക്ഷ എഴുതിയവർ | - | 114 |
| ഉപരിപഠനത്തിന് അർഹരായവർ | - | 110 |
| വിജയ ശതമാനം | - | 97 |
| വിജയ ശതമാനം സയൻസ് | - | 98.3 |
| വിജയ ശതമാനം കൊമേഴ്സ് | - | 94.4 |
| Full A+ സയൻസ് | - | 12 |
| Full A+ കൊമേഴ്സ് | - | 16 |
| 5 A+ | - | 10 |

www.malankaralibrary.com



**ആര്യഭാരതി ഹൈസ്കൂൾ, ഓമല്ലൂർ**

| | | |
|---|---|---|
| ആകെ പരീക്ഷ എഴുതിയവർ | – | 149 |
| ഉപരിപഠനത്തിന് അർഹരായവർ | – | 149 |
| Full A+ | – | 66 |
| 9 A+ | – | 15 |

**സെന്റ് ബെനഡിക്ട് എം.എസ്.സി.ഹൈസ്കൂൾ, തണ്ണിത്തോട്**

| | | |
|---|---|---|
| ആകെ പരീക്ഷ എഴുതിയവർ | – | 121 |
| ഉപരിപഠനത്തിന് അർഹരായവർ | – | 121 |
| വിജയ ശതമാനം | – | 100 |
| Full A+ | – | 35 |
| 9 A+ | – | 20 |

## മാർ ക്രിസോസ്റ്റം കോളേജ് 2021– 2022 അഡ്മിഷൻ

കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റഡ് ആയിട്ടുള്ള **അടൂർ മാർ ക്രിസോസ്റ്റം കോളേജിൽ, 2021 –22 അധ്യയനവർഷത്തേക്കുള്ള UG - PG കോഴ്സുകളിലേക്കുള്ള അഡ്മിഷൻ** തുടരുന്നു. ആപ്ലിക്കേഷൻ ഫോം കോളേജ് ഓഫീസിലും കോളേ വെബ്സൈറ്റിലും ലഭ്യമാണ്. മാനേജ്മെന്റ് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

**PG COURSE**

**MA ENGLISH LANGUAGE AND LITERATURE**

**UG COURSES**

**BA ENGLISH LANGUAGE AND LITERATURE**
**BSC MATHEMATICS**
**BCA**
**BCOM COMMERCE WITH COMPUTER APPLICATION**
**BCOM COMMERCE AND TAX PROCEDURE AND PRACTICES**

www.malankaralibrary.com



# സ്മരണീയ ദിനങ്ങൾ
## ആഗസ്റ്റ്

01. പതിനഞ്ചു നോമ്പാരംഭം
മർത്ത ശ്മൂനിയും ഏഴു മക്കളും ഗുരു ഏലിയാസറും,
വി.അൽഫോൺസ് ലിഗോരി
മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം
04. വൈദികരുടെ മധ്യസ്ഥനായ വി.ജോൺ മരിയ വിയാനി
06. നമ്മുടെ കർത്താവിന്റെ തേജസ്കരണം
08. വി.ഡൊമിനിക്ക്
09. മാർ മത്തിയാസ് ശ്ലീഹാ
10. വി.ലോറൻസ്
11. മിക്കാ നിബിയ, വി.ക്ലാര
12. വി.സൂസന്ന
13. മാർ ഹിപ്പോളിറ്റസ്, വി.ജോൺ ബെർക്കുമെൻസ്
14. വി.മാക്സിമിലൻ കോൾബെ
15. ശൂനോയോ പെരുന്നാൾ (വി.ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം)
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ
ബാവായുടെ മെത്രാഭിഷേക വാർഷികം (2001), ഭാരത സ്വാതന്ത്ര്യദിനം
20. വി.ബർണാർദ്
21. വി. പത്താം പീയൂസ് പാപ്പാ
22. ഹനനിയ, അസ്സറിയാ, മ്ശായേൽ
സാമൂഹ്യനീതി ഞായർ
23. അന്ത്യോക്യായിലെ മാർ ഒസ്താത്തിയോസ്
25. മാർ തീത്തോസ്
27. വി.മോനിക്ക
28. വി.അഗസ്റ്റിൻ
29. യോഹന്നാൻ മാംദാനയുടെ ശിരച്ഛേദം
വി.ഏവുപ്രാസ്യാ
30. അരിമത്യായിലെ യൗസേപ്പും നിക്കോദിമോസും

www.malankaralibrary.com



# ജന്മദിനാശംസകൾ

## ആഗസ്റ്റ്

| | |
|---|---|
| Aug 01 | Rev.Fr.Jose Munduvelil |
| Aug 01 | Rev.Fr.Aji Thannimootil |
| Aug 13 | Rev.Fr.Binoy Mathew Puthuparampil |
| Aug 13 | Rev.Fr.Chacko Thadathil |
| Aug 15 | Rev.Fr.Chacko Karippon |
| Aug 16 | Rev.Fr. Geevarghese Puthuparampil |
| Aug 20 | Rev.Fr.Joshua Chuttipara |
| Aug 21 | Rev.Fr.Mathew Pezhummoottil |
| Aug 25 | Rev.Fr.James Elanjickal |
| Aug 29 | Rev.Fr.Thomas Vadakkekara |
| Aug 31 | Rev.Fr.Varghese Kaithon |

# നാമഹേതുകതിരുനാൾ ആശംസകൾ

| | |
|---|---|
| Aug 28 | Rev.Fr.Alexander Kallukalayil |
| Aug 28 | Rev.Fr.Augustin Pulimuttathu |

**Ordination Day**

| | |
|---|---|
| Aug 26 | Rev.Fr.Joseph Eruthilvilayil |

www.malankaralibrary.com



## ദൈവാലയ കൂദാശ

### മാർ ബഹനാൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം വാഴമുട്ടം

ക്രിസ്തുവിൽ സമന്വയിക്കപ്പെട്ട് 1964 ജൂലൈ 31 ന് വാഴമുട്ടത്ത് സ്ഥാപിതമായ മാർ ബഹനാൻ മലങ്കര സുറിയാനി കത്തോലിക്കാ ഇടവക പുതുതായി പണികഴിപ്പിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2021 ആഗസ്റ്റ് 12 വ്യാഴാഴ്ച പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിലും, രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം, മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകാർമികത്വത്തിലും നിർവഹിക്കപ്പെട്ടു.

### ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി

ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിന്റെ പുതുതായി പണി കഴിപ്പിച്ച ദൈവാലയത്തിന്റെ വിശുദ്ധ മൂറോൻ കൂദാശ 2021 ആഗസ്റ്റ് 14 ശനിയാഴ്ച മലങ്കര കത്തോലിക്കാ സഭയിലെ മെത്രാപ്പോലീത്താമാരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

• • • • • • • • • • • • • • • • • • • • • • • • • • •



www.malankaralibrary.com
വിശുദ്ധ ജോൺ മരിയ വിയാനി
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ
മലങ്കര ഓർത്തഡോക്സ് സഭയുടെ
പരമദ്ധ്യക്ഷനായിരുന്ന
പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ പൗലോസ്
ദ്വിതീയൻ കാതോലിക്കാബാവാ
തിരുമേനിക്ക്
പത്തനംതിട്ട രൂപതയുടെ
ബാഷ്പാഞ്ജലികൾ

www.malankaralibrary.com

